I ഇ.ബി. XV -  കേരള നിയമസഭ/VIII-10

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ഫെബ്രുവരി 28, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

ലൈഫ് മിഷന്റെ ഭാഗമായ ഫ്ലാറ്റ് തട്ടിപ്പ്

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ ഭവന പദ്ധതിയായ ലൈഫ് മിഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന്റെ മറവിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി അറസ്റ്റിലായതുസംബന്ധിച്ച് ഇ.ഡി. ഒഴികെയുള്ള ഏജൻസികളുടെ അന്വേഷണങ്ങൾ നിലച്ചതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ. കെ. പി.എ.

മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): അടിയന്തരപ്രമേയ നോട്ടീസിലെ വിഷയം അടിസ്ഥാനരഹിതവും അപ്രസക്തവുമാണ്. കേരളത്തിന്റെ സമഗ്ര വികസനത്തിനായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആവിഷ്കരിച്ച നവകേരള കർമ്മപരിപാടിയുടെ ഭാഗമായ ലൈഫ് ഭവന പദ്ധതിപ്രകാരം 328315 വീടുകൾ 13132.6 കോടിരൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. ഈ ബൃഹത്തായ പദ്ധതിയെ തകർക്കുന്നതിനുള്ള സംഘടിതവും ആസൂത്രിതവുമായ ശ്രമത്തിന്റെ ഭാഗമാണ് ഈ അടിയന്തരപ്രമേയ നോട്ടീസ്. വിവിധ ഡിപ്പാർട്ട്മെന്റ് സ്കീമുകളെ സംയോജിപ്പിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം ഉപയോഗപ്പെടുത്തിയും സംഭാവന, സി.എസ്.ആർ. ഫണ്ട് എന്നിവയെല്ലാം ഏകോപിപ്പിച്ചുമാണ് ഇത്തരമൊരു ഭവനപദ്ധതി ആവിഷ്കരിച്ചത്. വടക്കാഞ്ചേരിയിൽ ലൈഫ് മിഷൻ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടുതന്നെയാണ് കെട്ടിടനിർമ്മാണം നടത്തിയിട്ടുള്ളത്. റെഡ് ക്രെസന്റ്, യൂണിടാക് ബിൽഡേഴ്സിന് നിർമ്മാണച്ചുമതല ഏൽപ്പിച്ച് നിർമ്മാണം പൂർത്തിയായിവരുന്ന

ഘട്ടത്തിലാണ് സ്വർണ്ണക്കടത്ത് കേസും കോൺസുലേറ്റുമായി ബന്ധമുണ്ടായിരുന്ന ചിലർക്ക് യൂണിടാക് ബിൽഡേഴ്സ് നിശ്ചിതതുക കമ്മീഷനായി നൽകിയെന്നുള്ള ആരോപണം ഉയർന്നുവന്നത്. ഇതുമായി ലൈഫ് മിഷനോ അതിലെ ഉദ്യോഗസ്ഥർക്കോ യാതൊരു ബന്ധവുമില്ല. അനുമതിയില്ലാതെ വിദേശസംഭാവന സ്വീകരിച്ചുവെന്ന ആരോപണത്തിന്മേൽ സി.ബി.ഐ. എഫ്.ഐ.ആർ. തയ്യാറാക്കിയതിനെതിരെ ലൈഫ് മിഷൻ ഹൈക്കോടതിയെ സമീപിക്കുകയും നയപരമായ തീരുമാനമെടുത്തതുകൊണ്ടുമാത്രം മുഖ്യമന്ത്രിക്കോ മന്ത്രിമാർക്കോ നിയമസഭയ്ക്കോ ഉദ്യോഗസ്ഥർ നടത്തിയ തെറ്റുകളുടെ ക്രിമിനൽ ഉത്തരവാദിത്വം ആരോപിക്കുന്നത് അനുവദനീയമല്ലെന്ന് ഹൈക്കോടതി വിധിന്യായത്തിൽ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. എഫ്.ഐ.ആർ. റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ലൈഫ് മിഷന്റെ അപ്പീൽ സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ഏതെങ്കിലും പൊതുസേവകന് ക്രമക്കേടിൽ പങ്കുണ്ടോയെന്ന അന്വേഷണം വിജിലൻസ് നടത്തിവരികയാണ്. മേൽപ്പറഞ്ഞ രണ്ട് കേസ്സുകളും പ്രഡിക്കേറ്റഡ് ഒഫൻസുകളായി കണക്കാക്കി ഇ.ഡി. അന്വേഷണം നടത്തുന്നുണ്ട്. യു.എ.ഇ. റെഡ് ക്രെസന്റ് കരാറുകാരൻ

മുഖേന നടപ്പാക്കിയ പദ്ധതിയിൽ ക്രമക്കേടുണ്ടായിട്ടുണ്ടെങ്കിൽ നിയമപരമായ അന്വേഷണം നടത്തുന്നതിന് സർക്കാരിന് എതിർപ്പില്ല. വടക്കാഞ്ചേരിയിൽ ലൈഫ് മിഷന്റെ നിർമ്മാണ നിബന്ധനകൾക്കനുസൃതമായി സർക്കാർ ഭൂമിയിൽ അർഹതപ്പെട്ടവർക്ക് വിട്ടുവച്ച് നൽകാമെന്ന റെഡ് ക്രെസന്റിന്റെ വാഗ്ദാനം പൊതുതാൽപ്പര്യം മുൻനിർത്തി സ്വീകരിക്കുക മാത്രമാണ് ലൈഫ് മിഷൻ ചെയ്തിട്ടുള്ളത്. റെഡ് ക്രെസന്റും കരാറുകാരുമായിട്ടുള്ള ഇടപാടുകളിൽ എന്തെങ്കിലും ക്രമക്കേടുണ്ടെങ്കിൽ അതിന് ലൈഫ് മിഷനോ സംസ്ഥാന സർക്കാരോ ഉത്തരവാദിയല്ല. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസി നടത്തുന്ന അന്വേഷണം ചർച്ച ചെയ്യണമെന്ന് പറയുന്നതിൽ ഔചിത്യമില്ല. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ശാസ്ത്രീയ പരിശോധനയിൽ നിലവിലുള്ള നിർമ്മിതിയിൽ പോരായ്മകളൊന്നും കണ്ടെത്തിയിട്ടില്ല.

ഡോ. മാത്യു കുഴൽനാടൻ: യു.എ.ഇ. റെഡ് ക്രെസന്റും യൂണിടാക് ബിൽഡേഴ്സും തമ്മിലുള്ള കരാറിൽ സർക്കാരിനോ മുഖ്യമന്ത്രിക്കോ ബന്ധമില്ലെന്ന് സ്ഥാപിക്കാനാണ് മന്ത്രി ശ്രമിച്ചത്. ആസൂത്രിതമായ അഴിമതിയാണ് ലൈഫ് മിഷന്റെ പേരിൽ നടന്നിരിക്കുന്നത്. ജയിലിൽ

കിടക്കുന്ന മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ വാട്ട്സ്ആപ്പ് സന്ദേശത്തിൽ സർക്കാർ നേരിട്ട് പ്രോജക്ട് നടത്താൻ ആഗ്രഹിക്കുന്നുവെന്നും അതിന് അനുമതി നൽകണമെന്നും റെഡ് ക്രെസന്റിൽ നിന്നും മുഖ്യമന്ത്രിക്ക് കത്ത് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അത്തരത്തിലൊരു കത്ത് മുഖ്യമന്ത്രി എൻഡോഴ്സ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. അഴിമതി നടന്നിട്ടില്ലെന്ന് പറയാൻ മുഖ്യമന്ത്രിക്ക് സാധിക്കുന്നില്ല. കഴിഞ്ഞ ദിവസം ഒരു അന്വേഷണ ഏജൻസി നീതിന്യായ കോടതി മുമ്പാകെ സമർപ്പിച്ച റിമാൻഡ് റിപ്പോർട്ടിലെ മുഖ്യമന്ത്രിയെക്കുറിച്ചുള്ള പരാമർശത്തിനും മുഖ്യമന്ത്രി, കോൺസുലേറ്റ് ജനറൽ, മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കർ, സ്വപ്ന സുരേഷ് എന്നിവരുടെ ഒരു യോഗം 2019 ജൂലൈ മാസം ക്ലിഫ്ഹൗസിൽ ചേർന്നതായ പരാമർശത്തിനും മറുപടി പറയാനും റിമാൻഡ് റിപ്പോർട്ട് വസ്തുതാപരമല്ലെങ്കിൽ കോടതിയെ സമീപിക്കാനും മുഖ്യമന്ത്രി തയ്യാറാകണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): നിയമപരമായ കാര്യങ്ങൾ തീരുമാനിക്കാൻ ഗവൺമെന്റിന്റേതായ സംവിധാനങ്ങളുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി <u>(ശ്രീ. പി. രാജീവ്)</u>: കോടതിയിൽ സമർപ്പിച്ചിരിക്കുന്ന റിമാൻഡ് റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ സഭയിൽ ചർച്ച നടത്താൻ സാധിക്കില്ല.

(ഭരണ പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാവിലെ 10.30-ന് നിർത്തിവച്ച സഭ 10.44-ന് പുനരാരംഭിച്ചു)

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(vii)-ൽ ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ അത്തരം പരാമർശങ്ങൾ സഭയിൽ ഉന്നയിക്കാൻ പാടില്ല.

ഡോ. മാത്യു കുഴൽനാടൻ: ഞാൻ ഉന്നയിച്ച വിഷയം സാധൂകരിക്കുന്നതിനാണ് റിമാൻഡ് റിപ്പോർട്ട് പരാമർശിക്കേണ്ടിവന്നത്. ലൈഫ് മിഷൻ പദ്ധതിയുടെ ഫണ്ട് തിരിമറി നടത്തിയതിന് തെളിവ് കണ്ടെത്താനോ നടപടിയെടുക്കാനോ സർക്കാർ നിയോഗിച്ച അന്വേഷണ ഏജൻസികൾക്ക് കഴിഞ്ഞിട്ടില്ല. ലൈഫ് മിഷൻ ചെയർമാനായ മുഖ്യമന്ത്രി ഇക്കാര്യത്തിന് മറുപടി പറയാൻ തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ലൈഫ് മിഷൻ പദ്ധതി അട്ടിമറിക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52 (v), (vii) എന്നിവയ്ക്ക് വിരുദ്ധമായ പരാമർശങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. ഇന്ത്യയിൽ ആരും വിലകൽപ്പിക്കാത്ത, എല്ലാ വിശ്വാസ്യതയും നഷ്ടപ്പെട്ട കേന്ദ്ര ഏജൻസികളുടെ ദുരാരോപണങ്ങളെ രാഷ്ട്രീയവൽക്കരിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ കാര്യക്ഷമതയോടെയും ഇച്ഛാശക്തിയോടെയും നിശ്ചയ ദാർഢ്യത്തോടെയുമുള്ള പ്രവർത്തനങ്ങളെ ഭിന്നിപ്പിക്കാൻ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും

അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കാവശ്യമായ സമഗ്രപരിഷ്കാരങ്ങൾ

ശ്രീ. തോമസ് കെ. തോമസ്: ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കാർഷിക മേഖലയിൽ സമഗ്ര പരിഷ്കാരങ്ങൾ കൊണ്ടുവരണം. കുട്ടനാട് മേഖലയിലെ മടവീഴ്ചയുണ്ടാകുന്ന പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മിക്കുന്നതിനും ആറുകളുടെയും തോടുകളുടെയും ആഴം വർദ്ധിപ്പിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ ഫലപ്രദമായ വിനിയോഗത്തിന് എം.എൽ.എ.-യെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുന്നതിനും ട്രാക്ടർ റോഡുകൾ നിർമ്മിക്കുന്നതിനും സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിനും സംഭരണത്തുക യഥാസമയം ലഭ്യമാക്കുന്നതിനും കാർഷിക കലണ്ടർ പ്രകാരം കൃഷി ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർക്കാരിന്റെ ഇടപെടലുകളുടെ ഫലമായാണ് കാർഷിക മേഖലയിൽ വളർച്ചാ നിരക്ക് വർദ്ധിച്ചത്. 'സുഭിക്ഷ കേരളം', 'ഞങ്ങളും കൃഷിയിലേയ്ക്ക്' തുടങ്ങിയ പദ്ധതികൾ കാർഷികമേഖലയുടെ ഉണർവ്വിന് കാരണമായിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളുടെ

രൂപീകരണവും ഉൽപ്പാദന-സേവന-സംഭരണ-വിപണന മേഖലകളുടെ പ്രവർത്തനവും കൂടുതൽ ജനവിഭാഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നെൽകൃഷി വ്യാപിപ്പിക്കാനായതും പച്ചക്കറിയും മറ്റുവിളകളും പുതിയതായി കൃഷി ചെയ്യാൻ സാധിച്ചതും കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുടെ മികവാണ്. ഉൽപ്പാദന-വിപണന പ്ലാൻ തയ്യാറാക്കി ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിവിധ കൃഷി രീതികൾ ക്രോഡീകരിച്ചുകൊണ്ടുള്ള 'വൈഗ 2023' എന്ന കാർഷിക പരിപാടി തിരുവനന്തപുരത്ത് നടക്കുകയാണ്. കർഷക കൂട്ടായ്മകൾ കേന്ദ്രീകരിച്ച് കൃഷി വ്യാപകമാക്കാനുള്ള ശ്രമങ്ങളും നടത്തിവരികയാണ്. പ്രത്യേക കാർഷിക മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടനാട് ഏകോപന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കർഷകരെയും കർഷകത്തൊഴിലാളികളെയും സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഉതകുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനം, അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, മറ്റ് പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയവ നേരിടാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ബണ്ടുകൾ

ബലപ്പെടുത്തുക, കനാലുകൾ, ചാലുകൾ തുടങ്ങിയവയിലൂടെയുള്ള നീരൊഴുക്ക് സുഗമമാക്കുക, പമ്പിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പരമാവധി യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നു. അകാലത്തിലുണ്ടാകുന്ന കാലവർഷംമൂലം കർഷകർക്ക് നെല്ല് സംഭരണത്തിൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ഡ്രയറുകൾ, സൈലോകൾ, ഗോഡൗണുകൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റീസ് സെന്ററുകൾ തുടങ്ങിയവ ആരംഭിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ബന്ധപ്പെട്ട ഏജൻസികളുടെ സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രാക്ടർ റോഡുൾപ്പെടെ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. നെല്ല് സംഭരണത്തുക യഥാസമയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## (2) കോവിഡാനന്തര മാരകരോഗങ്ങൾ നിയന്ത്രിക്കാൻ മുൻകരുതലുകളും പ്രതിവിധികളും

ശ്രീ. ഷാഫി പറമ്പിൽ: കോവിഡാനന്തരം ചെറുപ്പക്കാരുൾപ്പെടെയുള്ള ആളുകൾക്ക് സ്ട്രോക്ക്, ഹൃദയസംബന്ധമായ അസുഖങ്ങൾ, ശ്വാസതടസ്സം തുടങ്ങി നിരവധി മാരകരോഗങ്ങൾ പിടിപെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്താനും

പോസ്റ്റ് കോവിഡ് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിൽനിന്ന് മോചനം നേടുന്നതിനും കോവിഡാനന്തര മാരകരോഗങ്ങൾ നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം. കോവിഡാനന്തരമുണ്ടാകുന്ന കാർഡിയോവാസ്കുലർ കോംപ്ലിക്കേഷന്റെ എണ്ണം കൂടുന്നുവെന്ന് തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്കുള്ള ആശങ്കയകറ്റുന്നതിന് സപ്പോർട്ടിംഗ് സിസ്റ്റം നടപ്പിലാക്കണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഫാമിലി ഹെൽത്ത് സെന്ററുകളിലും കോവിഡാനന്തര രോഗികൾക്കാവശ്യമായ ഫിസിയോതെറാപ്പി സൗകര്യമൊരുക്കാനുള്ള നടപടി സ്വീകരിക്കണം. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി കായിക/വിദ്യാഭ്യാസ വകുപ്പുകളുടെ ഏകോപനത്തിലൂടെ കുട്ടികൾക്ക് വ്യായാമം നൽകാനുള്ള പദ്ധതി ആവിഷ്കരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നിലവിൽ കോവിഡ് നിയന്ത്രണവിധേയമാണെങ്കിലും പോസ്റ്റ് കോവിഡ് രോഗങ്ങൾ വൈദ്യശാസ്ത്ര രംഗത്ത് ആഗോളതലത്തിൽത്തന്നെ പുതിയ വെല്ലുവിളികൾ സൃഷ്ടിച്ചിരിക്കുകയാണ്. പോസ്റ്റ് കോവിഡ് രോഗങ്ങൾ ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും ബാധിക്കുന്നതായിട്ടാണ് ഇതുവരെയുള്ള പഠനങ്ങൾ സൂചിപ്പിക്കുന്നത്. എല്ലാ ജില്ലകളിലും പോസ്റ്റ്

കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുകയും കോവിഡാനന്തര രോഗങ്ങളുടെ പ്രതിവാര കണക്കുകൾ അവലോകനം ചെയ്യുകയും ചികിത്സാ മാനദണ്ഡം പുറത്തിറക്കുകയും ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തീവ്രരോഗബാധ നേരിടാനുള്ള എല്ലാ സജ്ജീകരണങ്ങളും ആശുപത്രികളിൽ സജ്ജമാക്കുകയും നവകേരള കർമ്മപദ്ധതി 2-ന്റെ ഭാഗമായി ആർദ്രം 2-ലൂടെ സംസ്ഥാനത്തെ മുഴുവൻ ആളുകളെയും ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ആരംഭിച്ച ആധുനിക പോസ്റ്റ് കോവിഡ് കാർഡിയാക് ക്ലിനിക്കുകൾവഴി രോഗികൾക്കാവശ്യമായ പരിശോധനകൾ നടത്തുകയും തുടർചികിത്സ നൽകുകയും ചെയ്യുന്നുണ്ട്. ആയുഷ് മേഖലയെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ജനകീയ ക്ലബ്ബുകൾ രൂപീകരിച്ച് ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ഹെൽത്തി ലൈഫ് കാമ്പെയ്ൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

## III. സബ്മിഷൻ

### (1) <u>വടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം</u>

<u>ശ്രീമതി കെ. കെ. രമ</u>: വടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ

ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വടകര പോലീസ് സ്റ്റേഷനിൽ ഒരു ഇൻസ്പെക്ടറുൾപ്പെടെ 29 പോലീസ് ഉദ്യോഗസ്ഥരെയും 5 ബോട്ട് ജീവനക്കാരെയും തീരദേശ മത്സ്യത്തൊഴിലാളികളായ 6 കോസ്റ്റൽ വാർഡൻമാരെയും നിയമിച്ചിട്ടുണ്ട്. വടകര പോലീസ് സ്റ്റേഷന്റെ സേവനങ്ങൾക്കായി 12 ടൺ ശേഷിയുള്ള ഇന്റർസെപ്റ്റർ ബോട്ട് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2.43 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തീരദേശ പോലീസ് സ്റ്റേഷൻ ഉദ്യോഗസ്ഥർക്കും കോസ്റ്റൽ വാർഡൻമാർക്കും പരിശീലനം നൽകുന്നതിന് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുൾപ്പെടെ സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളെ മികവുറ്റതാക്കി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(2) മരട്-കുമ്പളം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): മരട്-കുമ്പളം പഞ്ചായത്തുൾപ്പെടെയുള്ള പ്രദേശങ്ങളിലെ കുടിവെള്ള വിതരണം

സുഗമമാകുന്നതുവരെ വാട്ടർ അതോറിറ്റി മുഖേന ജലവിതരണം നടത്തുന്നതിനും പുതിയ പമ്പ് സെറ്റ് വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നതിനും കൊച്ചിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതി ആരംഭിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പാഴൂർ പമ്പ് ഹൗസിലെ കേടായ പമ്പ് സെറ്റുകൾ പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ജലവിതരണം സുഗമമാകുന്നതുവരെ പ്രസ്തുത പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റി മുഖേന ജലമെത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മരട് ജലശുദ്ധീകരണശാലയുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള പമ്പ് സെറ്റ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 4.25 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പുതിയ പമ്പ് സെറ്റ് വാങ്ങുന്നതിന് സ്പെഷ്യൽ സാംഗ്ഷൻ നൽകി ടെണ്ടർ നടപടി പൂർത്തീകരിക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്. കൊച്ചിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പുതിയ പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(3) ഗാർഹിക കണക്ഷനുകളിലൂടെയുള്ള ജലവിതരണം

ശ്രീ. ജി. സ്റ്റീഫൻ: ഗാർഹിക കണക്ഷനുകളിലൂടെയുള്ള ജലചോർച്ച തടയുന്നതിനും വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജലവിതരണ നഷ്ടം പരിഹരിക്കുന്നതിനായി  റണ്ണിംഗ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനമുപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം മാറ്റിസ്ഥാപിക്കുന്നതോടൊപ്പം വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിനായി  ഉല്പാദന കേന്ദ്രത്തിലും പ്രധാന വിതരണ ലൈനുകളിലും ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന നടപടി പൂർത്തീകരിക്കുന്നതുമാണ്. മണ്ണിനടിയിലുള്ള പ്രധാന പൈപ്പ്ലൈനുകളിലെയും  ഉപലൈനുകളിലെയും ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുകയും  പ്രധാന ലൈനുകളിൽ ഫ്ലോ മീറ്ററുപയോഗിച്ച് ജലത്തിന്റെ അളവ് നിശ്ചയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗം സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വാണിജ്യനഷ്ടത്തിന്റെ തോത് കുറയ്ക്കുന്നതിനായി  മീറ്റർ പോളിസി രൂപീകരിച്ചിട്ടുണ്ട്.

(4) <u>സർവ്വകലാശാലകളിലെ ഗവേഷണ വിഷയങ്ങൾ</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ജനോപകാരപ്രദമായ വിഷയങ്ങളിലുള്ള ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും ശാസ്ത്ര-സാങ്കേതിക-മാനവിക മുന്നേറ്റത്തിനുതകുന്ന വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും പ്ലീജറിസം തടയുന്നതിനും ഗവേഷണ പ്രബന്ധങ്ങളുടെ നിലവാരവും ആധികാരികതയും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>): ഗവേഷണ പ്രബന്ധങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും അവയുടെ നിലവാരം ഉറപ്പാക്കുന്നതിനും പ്ലീജറിസം തടയുന്നതിനും സർവ്വകലാശാലകൾ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. ഗവേഷണ വിഷയത്തിന്റെ പ്രാധാന്യം, രീതിശാസ്ത്രം എന്നിവ വിലയിരുത്തി പരിഷ്കരിക്കുന്നുണ്ടെന്ന് ഗവേഷണ ഉപദേശക സമിതി ഉറപ്പുവരുത്തുന്നുണ്ട്. ഗവേഷണ ആരംഭം മുതൽ ഓരോ ആറുമാസം കൂടുമ്പോഴും ഗവേഷണ പുരോഗതി വിലയിരുത്തുന്നുണ്ട്. യൂണിവേഴ്സിറ്റി ലൈബ്രറികളിൽനിന്നുള്ള പ്ലീജറിസം സർട്ടിഫിക്കറ്റുകൾക്കൊപ്പമാണ് ഗവേഷണ പ്രബന്ധങ്ങൾ സർവ്വകലാശാലകളിൽ സമർപ്പിക്കേണ്ടത്. ദേശീയ-അന്തർദേശീയ

തലങ്ങളിലെ വിഷയവിദഗ്ദ്ധരുൾപ്പെട്ട പാനലാണ് പ്രബന്ധങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നത്. ഗവേഷണത്തിലെ കണ്ടെത്തലുകൾ പ്രായോഗിക ജീവിതത്തിൽ രൂപപ്പെടുത്തുന്നതിനായി സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് പദ്ധതി നടപ്പാക്കിവരുന്നു.

(5) സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്കുള്ള പുനർവിന്യാസ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 2023 ജനുവരി 17-ലെ കണക്കുപ്രകാരം സംസ്ഥാനത്തൊട്ടാകെ 1699 വിദ്യാ കേന്ദ്രങ്ങളിലായി 1698 സാക്ഷരതാ പ്രേരക്മാർ പ്രവർത്തിക്കുന്നുണ്ട്. പ്രേരക്മാരുടെ 2022 ഡിസംബർ വരെയുള്ള ഓണറേറിയം തുക പൂർണ്ണമായും വിതരണം ചെയ്തു. ജനുവരി മാസത്തെ ഓണറേറിയം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പുനർവിന്യാസവുമായി

ബന്ധപ്പെട്ട കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ തീരുമാനമെടുക്കുന്നതാണ്. രണ്ടുപ്രാവശ്യം ചർച്ച നടത്തിയെങ്കിലും സമരം ഒത്തുതീർപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായി ചർച്ചയ്ക്കുവിളിച്ച് പുനർവിന്യാസം പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) വാരണി പാലം പുനർനിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ ഗ്രാമപഞ്ചായത്തിലെ മലമ്പുഴ പുഴയ്ക്ക് കുറുകെയുള്ള വാരണിപാലം കാലപ്പഴക്കംമൂലം തകർന്നതിനാൽ പുതിയ പാലം നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തി അടിയന്തരമായി ജനങ്ങളുടെ ദുരിതാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കാലപ്പഴക്കത്താലുള്ള ബലക്ഷയംമൂലം അപകടാവസ്ഥയിലായ വാരണിപാലം നിലവിൽ ജില്ലാപഞ്ചായത്തിന്റെ ആസ്തിയിലാണ് ഉൾപ്പെടുന്നത്. നിലവിലുള്ള പാലം പൊളിച്ചുമാറ്റി പുതിയപാലം അതേ അലൈൻമെന്റിൽ നിർമ്മിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (7) ശബരിമലയിലേയ്ക്കുള്ള സമാന്തരപാത പൂർത്തീകരിക്കൽ

ശ്രീ. വാഴൂർ സോമൻ: തൊടുപുഴ, ഇടുക്കി, പീരുമേട് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും പി.ഡബ്ല്യു.ഡി. പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നതുമായ ശബരിമല പുതിയ എയർസ്ട്രിപ്പിലേയ്ക്കുള്ള സമാന്തരപാതയുടെ നിർമ്മാണം പൂർത്തിയാക്കാൻ ഉചിതമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുത്ത് വികസിപ്പിക്കാനുള്ള പദ്ധതി സാദ്ധ്യമാക്കാൻ നിലവിൽ പരിമിതികളുള്ളതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ നിലവാരം ഉയർത്തി നിർമ്മിക്കുന്നതിനാണ് മുൻതൂക്കം നൽകുന്നത്. ഇതൊരു പ്രത്യേക പദ്ധതിയായി കണക്കാക്കി നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## (8) ബാലുശ്ശേരി ടൂറിസം കോറിഡോർ

ശ്രീ. കെ. എം. സച്ചിൻദേവ്: ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ബാലുശ്ശേരി ടൂറിസം കോറിഡോർ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വിവിധ വകുപ്പുകളുമായി സഹകരിച്ച് നിരവധി ടൂറിസം പദ്ധതികളും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. മണ്ഡലത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ബാലുശ്ശേരി ടൂറിസം കോറിഡോർ യാഥാർത്ഥ്യമാക്കുകയും ഭാവി ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുകയും ചെയ്യുന്നതാണ്.

(9) പാങ്ങ് പള്ളിപ്പറമ്പ് വളവിൽ സുരക്ഷാ ക്രമീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: പാങ്ങ് പള്ളിപ്പറമ്പ് വളവിൽ റോഡിന്റെ വീതി കൂട്ടി സുരക്ഷാഭിത്തി കെട്ടി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനും അങ്ങാടിപ്പുറം-വളാഞ്ചേരി റോഡ് നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വീതികുറഞ്ഞ പാങ്ങ് പള്ളിപ്പറമ്പ് വളവിൽ സ്ഥാപിച്ചിട്ടുള്ള റമ്പിൾ സ്ട്രിപ്പുകളുടെയും സുരക്ഷാ ബോർഡുകളുടെയും എണ്ണം വർദ്ധിപ്പിക്കുകയും പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് റോഡ് സേഫ്റ്റി വിഭാഗത്തെ

ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(10) ഗുരുവായൂരിൽ ന്യൂനപക്ഷ വകുപ്പിന്റെ കോച്ചിംഗ് സെന്റർ

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂർ മണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കായി കോച്ചിംഗ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): വിവിധ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് തൃശ്ശൂർ ജില്ലയിൽ നിലവിൽ ഒരു ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രവും രണ്ട് ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി ചേർന്ന് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൈപുണ്യ മേഖലയിൽ വൈദഗ്ധ്യം നൽകുന്നതിനുള്ള പദ്ധതികളും വകുപ്പ് തയ്യാറാക്കിവരുന്നു. ഗുരുവായൂരിൽ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം ആരംഭിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ട് സമർപ്പണം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (695,30,83,000 രൂപ)

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം (1005,58,75,000 രൂപ)

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം

നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധിഘട്ടത്തിലും സാമൂഹ്യക്ഷേമ നടപടികളുമായി മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയാണ് പ്രതിപക്ഷം പ്രതിഷേധിക്കേണ്ടത്. ഇടതുപക്ഷത്തിന്റെ ശ്രമഫലമായാണ് ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയത്.

ശ്രീ. സണ്ണി ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൊഴിലുറപ്പ് പദ്ധതി ആദ്യമായി നടപ്പാക്കിയത് കോൺഗ്രസ് രാജ്യം ഭരിക്കുമ്പോഴാണ്. ജനദ്രോഹ-കർഷക-തൊഴിലാളി വിരുദ്ധ നിലപാടുകളിൽനിന്നും സർക്കാർ പിന്മാറണം. അക്രമത്തെ ന്യായീകരിക്കാനും കൊലക്കേസ് പ്രതികളെ സഹായിക്കാനും സർക്കാർ ശ്രമിക്കുന്നത് അപലപനീയമാണ്.

ശ്രീ. പി. ബാലചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്താകെ വളർന്നുവരുന്ന വർഗ്ഗീയതയ്ക്കെതിരെ നിലപാട്

സ്വീകരിച്ചുകൊണ്ട് ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തിയതുകൊണ്ടാണ് സംസ്ഥാനത്ത് അധികസെസ് ഏർപ്പെടുത്തേണ്ടിവന്നത്. ക്ഷേമ പദ്ധതികളിൽ കുറവു വരുത്താതെ നവകേരള സൃഷ്ടിക്കായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. പി. എ. മജീദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാടിന്റെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കി ജനാധിപത്യ സംവിധാനവും ഭരണഘടനയും സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. പാലോളി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുൾപ്പെടെ പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കാൻ തയ്യാറാകണം. അഴിമതിയും ധൂർത്തും മുഖമുദ്രയാക്കിയ സർക്കാർ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയെ നോക്കുകുത്തികളാക്കി പിൻവാതിൽ നിയമനങ്ങൾ നടത്താനുള്ള നീക്കം ഉപേക്ഷിക്കണം.

ശ്രീ. എം. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 33731 പുതിയ തസ്തികകൾ സൃഷ്ടിക്കാനും പി.എസ്.സി. മുഖേന 199201 പേർക്ക് നിയമനം

നൽകാനും കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ രംഗത്ത് നിരവധി ദേശീയ പുരസ്കാരങ്ങൾ നേടാനായതും രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി മാറാൻ സാധിച്ചതും പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ തുടർച്ചയായി ഒന്നാംസ്ഥാനം നിലനിർത്താനായതും ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞതും സർക്കാരിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. ഇന്ത്യയിൽ അഴിമതി കുറഞ്ഞതും വർഗ്ഗീയ സംഘർഷങ്ങളില്ലാത്തതും മികച്ച ക്രമസമാധാനമുള്ളതും മെച്ചപ്പെട്ട സ്കൂൾ വിദ്യാഭ്യാസമുള്ളതും മികച്ച ടൂറിസം ഡെസ്റ്റിനേഷനുള്ളതുമായ സംസ്ഥാനമെന്ന നിലയിൽ നിരവധി ദേശീയ-അന്തർദ്ദേശീയ ബഹുമതികൾ കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. കലാ-സാംസ്കാരിക-സാമ്പത്തികരംഗങ്ങളിൽ ഫലപ്രദവും കാര്യക്ഷമവുമായ ഇടപെടൽ നടത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പരിമിതികളിൽനിന്നുകൊണ്ട് വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. ഇന്ത്യയിൽ അഴിമതി കുറഞ്ഞതും വർഗ്ഗീയ സംഘർഷങ്ങളില്ലാത്തതും മികച്ച ക്രമസമാധാനമുള്ളതുമായ സംസ്ഥാനമെന്ന ബഹുമതി നേടാൻ കേരളത്തിന്

കഴിഞ്ഞിട്ടുണ്ട്. രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചതും റബ്ബർ, നാളികേരം, നെല്ല്, സുഗന്ധ വ്യഞ്ജനം തുടങ്ങിയ കൃഷികൾക്ക് ഫണ്ട് വകയിരുത്തിയതും സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. അർഹതപ്പെട്ട വിഹിതം നിഷേധിച്ചും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ അട്ടിമറിക്കാനുമുള്ള കേന്ദ്ര നീക്കത്തിനെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീമതി കെ. കെ. രമ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വിലക്കയറ്റം തടയുന്നതിനുതകുന്ന പദ്ധതികളാവിഷ്കരിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. താൽക്കാലിക നിയമനങ്ങൾ തൊഴിലില്ലായ്മ രൂക്ഷമാക്കിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷ എഴുതുന്ന ഏജന്റുമാർ മുതൽ സർട്ടിഫിക്കറ്റ് നൽകുന്ന ഡോക്ടർമാർവരെ സംശയത്തിന്റെ നിഴലിലാണ്. ലൈഫ് മിഷൻ അഴിമതിയിലൂടെയുള്ള വീടിനായുള്ള കാത്തിരിപ്പ് നീളുകയാണ്. അഴിമതിക്കാരെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സർക്കാർ ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുകയാണ്. പെട്രോൾ/ഡീസൽ എന്നിവയ്ക്ക് സാമൂഹ്യ സുരക്ഷാ

സെസ് ഏർപ്പെടുത്തിയതിലൂടെ ഇന്ധനവില വീണ്ടും വർദ്ധിച്ചിരിക്കുകയാണ്. കോർട്ട് ഫീ സ്റ്റാമ്പുകളുടെ വിലവർദ്ധനവ് വിവരാവകാശമുൾപ്പെടെയുള്ള അപേക്ഷകളുടെ ചെലവ് വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കോടതി വ്യവഹാരങ്ങൾക്ക് ഒരു ശതമാനം അധികം ഫീസീടാക്കുന്നതിലൂടെ നീതിയും ന്യായവും നേടിയെടുക്കാൻ സാധാരണക്കാർക്ക് അധികതുക ചെലവാക്കേണ്ടിവരികയാണ്. ഗഹാനകൾ രജിസ്റ്റർ ചെയ്യുന്നതിന് സർചാർജ്ജ് ഏർപ്പെടുത്തിയത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്.

ശ്രീ. എം. നൗഷാദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര സർക്കാർ നിലപാടിനെ അനുകൂലിക്കുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ജില്ലാ കോടതികൾ, കുടുംബ കോടതികൾ, അതിവേഗ കോടതികൾ എന്നിവ പുതുതായി സ്ഥാപിച്ചുകൊണ്ട് ജനങ്ങൾക്ക് നീതിന്യായം വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കേരളത്തിന്റെ വികസനത്തിന് നാഴികക്കല്ലാകുന്ന പദ്ധതികളെ തടസ്സപ്പെടുത്തുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനുവേണ്ടിയാണ് പെട്രോൾ, ഡീസൽ എന്നിവയ്ക്ക്

സെസ് ഏർപ്പെടുത്തിയത്.

ശ്രീ. പി. പി. സുമോദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുപ്രീംകോടതി ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള കൊളീജിയം ശിപാർശകൾ അംഗീകരിക്കാതെ നീതിന്യായ വ്യവസ്ഥയെ നിയന്ത്രണത്തിലാക്കാനുള്ള ഇടപെടലുകളാണ് കേന്ദ്രം നടത്തുന്നത്. സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ശ്രമത്തിനിടയിലും സമാനതകളില്ലാത്ത വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഇടതുപക്ഷ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കെ-ഫോൺ പദ്ധതിയിലൂടെ 11,832 ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കിയതിനുപുറമെ, ഓരോ നിയമസഭാ മണ്ഡലത്തിലും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള നൂറ് കുടുംബങ്ങൾക്കുവീതം ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ദേശീയപാതാ വികസനവും വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാനാകാത്ത വിഴിഞ്ഞം തുറമുഖവും ഉടൻതന്നെ യാഥാർത്ഥ്യമാകുന്നതാണ്. ശബരിമല വിമാനത്താവള നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കാനും 22-ഓളം റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനുമുള്ള നടപടികൾ നടന്നുവരികയാണ്. ലൈഫ് പദ്ധതിയിലൂടെ 3,23,894 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചത്

അഭിമാനാർഹമാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സർക്കാരിന്റെ ധൂർത്ത് നിർബാധം തുടരുകയാണ്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനുപകരം വിദ്യാർത്ഥികളുടെ യാത്രാനുകൂല്യം നിശ്ചിത വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്താനുള്ള നീക്കം എതിർക്കപ്പെടേണ്ടതാണ്. പ്രഖ്യാപിച്ച 2,799 തസ്തികകൾക്കുപകരം 932 തസ്തികകൾ മാത്രമാണ് ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ളത്. വയോമിത്രം പദ്ധതിപ്രകാരമുള്ള മരുന്നിന്റെ ക്ഷാമം പരിഹരിക്കുകയും അവശതയനുഭവിക്കുന്ന സിനിമാകലാകാരന്മാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുകയും വേണം.

<u>ശ്രീ. പി. ടി. എ. റഹീം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ്, മഹാപ്രളയം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും സംസ്ഥാന വികസനത്തിനുതകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വായ്പാപരിധി വെട്ടിച്ചുരുക്കി വികസന പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് പ്രതിഷേധാർഹമാണ്. പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്

ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ പല ക്ഷേമ പദ്ധതികളും ഏറ്റെടുക്കുമെന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് രൂപീകരിച്ച് അധിക ധനസമാഹരണം നടത്തുമെന്നുമുള്ള പ്രഖ്യാപനങ്ങൾ അഭിനന്ദനാർഹമാണ്. എല്ലാ ജനവിഭാഗങ്ങൾക്കും വികസനവും ക്ഷേമവുമെത്തിക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ് .

ശ്രീ. മാത്യു ടി. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള ജനതയ്ക്ക് സംസ്ഥാനത്തുതന്നെ തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുള്ള സാഹചര്യമൊരുക്കാനുള്ള സർക്കാർ ലക്ഷ്യത്തോട് പ്രതിപക്ഷം കൈകോർക്കണം. വിവിധ മേഖലകളിലും അടിസ്ഥാന പശ്ചാത്തല വികസന കാര്യങ്ങളിലും സംസ്ഥാനം വളരയധികം മുന്നോട്ടുപോയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇച്ഛാശക്തിയോടും നിശ്ചയദാർഢ്യത്തോടും കൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമായാണ്.

ശ്രീ. എച്ച്. സലാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാർ സമീപനത്തിനെതിരെയുള്ള പ്രതിപക്ഷത്തിന്റെ മൗനം വേദകരമാണ്. കഴിഞ്ഞ മൂന്നുവർഷക്കാലമായി സംസ്ഥാനത്തിന്റെ കടം കുറഞ്ഞുവരുന്നതും

തനത് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നതും സർക്കാരിന്റെ മികച്ച ധനകാര്യ മാനേജ്മെന്റിനെയാണ് സൂചിപ്പിക്കുന്നത്. എല്ലാവർക്കും ഭൂമിയും വീടും കുടിവെള്ളവും നൽകിക്കൊണ്ട് സമസ്ത മേഖലകളുടെയും വികസനത്തിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകുകയും ലൈഫ് മിഷൻ/പുനർഗേഹം പദ്ധതിയിലൂടെ വീടും ഫ്ലാറ്റും നിർമ്മിച്ച് നൽകുകയും ചെയ്ത സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രഖ്യാപിച്ച പദ്ധതികളിൽ പലതും നടപ്പിലാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പൊതുജനങ്ങൾക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ പോലീസ് സുരക്ഷ നൽകാനും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് തുക അനുവദിക്കാനും വ്യവസായ സംരംഭങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. മണ്ഡലങ്ങളിലെ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കണം.

ശ്രീ. ഇ. കെ. വിജയൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാകുന്നതോടെ 2026-ഓടെ നാൽപ്പത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയെ പരിഷ്കരിച്ചും മൂല്യവർദ്ധിത വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകിയും നൂതന സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിച്ചും ഐ.ടി. മേഖല വിപുലീകരിച്ചുകൊണ്ടുമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായി നാലാം തവണയും കേരളം ഒന്നാം സ്ഥാനത്തെത്തിയതും കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം നേടിയതും ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്, കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചതും ഈ സർക്കാരിന്റെ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. കഴിഞ്ഞ വർഷം 54356 കുടുംബങ്ങൾക്ക് പട്ടയം നൽകിയതും ഈ വർഷം 40000 കുടുംബങ്ങൾക്ക് പട്ടയം നൽകാൻ തീരുമാനിച്ചതും വിദ്യാഭ്യാസ മേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതും സ്വാഗതാർഹമാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മതനിരപേക്ഷ അഴിമതിരഹിത വികസിത കേരളം എന്നുള്ളതാണ് ഇടതുപക്ഷ സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാനത്ത് ഗ്യാസ് പൈപ്പ്ലൈൻ, വിഴിഞ്ഞം തുറമുഖ പദ്ധതി, ദേശീയപാത വികസനം, വ്യവസായ വികസനം, ജനകീയ വിദ്യാഭ്യാസ പദ്ധതി, കാർഷിക വികസന പദ്ധതി, തൊഴിൽദായക പദ്ധതി, പരിസ്ഥിതി സംരക്ഷണം, പൊതുഗതാഗത വികസനം എന്നിവ വിജയകരമായി നടപ്പിലാക്കിയത് അഭിമാനാർഹമാണ്. മൂന്നാം നൂറുദിന കർമ്മപരിപാടി പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലുകൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെടുകാര്യസ്ഥതയും നിഷ്ക്രിയത്വവും അനാസ്ഥയും അഴിമതിയുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. സംസ്ഥാനത്ത് ഭരണസ്തംഭനം രൂക്ഷമായതിനാൽ പദ്ധതി പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. നെൽകർഷകർക്ക് 200 കോടി രൂപയുടെയും കാരുണ്യ പദ്ധതിക്ക് 584 കോടി രൂപയുടെയും കുടിശ്ശിക നൽകാനുണ്ട്. റബ്ബർ വില സ്ഥിരതാ ഫണ്ടുമുഖേന ഇതുവരെ നൽകാനായത് 10 കോടി രൂപ മാത്രമാണ്.

സാക്ഷരതാ പ്രേരക്മാർക്ക് കൃത്യമായി ശമ്പളം നൽകാൻ സാധിക്കാത്തത് ഖേദകരമാണ്. കിടപ്പു രോഗികളെ പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതിയിലുൾപ്പെടുത്തി നൽകുന്ന ധനസഹായവും എയ്ഡ്സ് രോഗികൾ, കെട്ടിടനിർമ്മാണത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമപെൻഷനും മുടങ്ങുന്ന സ്ഥിതിയാണ്. വന്യജീവി ആക്രമണംമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനുള്ള പതിനായിരത്തോളം അപേക്ഷകൾ പെൻഡിംഗിലാണ്. എട്ട് ലക്ഷത്തോളം ഫയലുകൾ തീർപ്പാകാതെ കിടക്കുകയാണ്. ക്രിമിനലുകളെ ഉപയോഗിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന രീതി സർക്കാർ അവസാനിപ്പിക്കണം. സംസ്ഥാനത്ത് ഗുണ്ടകളെയും മയക്കുമരുന്ന് മാഫിയയെയും സാമൂഹ്യവിരുദ്ധരെയും നിയന്ത്രിക്കാൻ സർക്കാർ സംവിധാനത്തിന് കഴിയുന്നില്ല. പോലീസ് സംവിധാനത്തിൻകീഴിൽ ക്രിമിനലുകളെയും തീവ്രവാദ സംഘടനകളുടെ പ്രതിനിധികളെയും പ്രോത്സാഹിപ്പിക്കുകയാണ്. ന്യായമായ നികുതി പിരിക്കുകയെന്ന സർക്കാരിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നില്ല. സർക്കാരിന്റെ നേതൃത്വത്തിൽ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് പറയപ്പെടുന്നുണ്ടെങ്കിലും ഒരു സംരംഭംപോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണത്തിന്റെ പൂർണ്ണമായ നിയന്ത്രണം

നഷ്ടപ്പെട്ടതിനാൽ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് സ്ഥാപിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള അടങ്കൽ തുകയിൽ നിന്ന് ഉയർന്ന വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചത് കേരളമാണ്. ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ 3.61 ശതമാനമായും റവന്യൂ കമ്മി 1.96 ശതമാനമായും കുറയ്ക്കുന്നതിനും തനത് നികുതി വരുമാനം 20 ശതമാനമായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഫയൽ തീർപ്പാക്കൽ നടപടികൾ കാര്യക്ഷമമായി നടന്നുവരികയാണ്. ഗുണ്ടകളെ സംരക്ഷിക്കുന്ന നിലപാട് ഒരു ഘട്ടത്തിലും സർക്കാർ സ്വീകരിച്ചിട്ടില്ല. ആദിവാസി യുവാവായ മധുവിനെ കൊലപ്പെടുത്തിയവർക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സീകരിച്ചിട്ടുള്ളത്. ജയിലുകളിൽ നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെയും പോലീസിലെ ക്രിമിനലുകൾക്കെതിരെയും തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ഇടനിലക്കാരെ ഉപയോഗിക്കാറില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് കൈമാറുന്നത്. നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ധനസഹായ തുക ഉയർത്തുകയും ഗുണഭോക്താവിന്റെ വരുമാനപരിധി വർദ്ധിപ്പിക്കുകയും ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച തുകയുടെ ഭൂരിഭാഗവും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഓഡിറ്റിംഗിന് വിധേയമാണ്. ദുരിതാശ്വാസ വിതരണവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ കർശനനടപടി സ്വീകരിക്കുന്നതാണ്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. രണ്ട് നൂറുദിന പരിപാടികൾ വിജയകരമായി നടപ്പാക്കുകയും മൂന്നാമത്തേത് നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. കോവിഡ് സാഹചര്യം മറികടക്കാനായി സംസ്ഥാനം അധികവായ്പയെടുത്തതിനാൽ കടബാദ്ധ്യതയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും കേരളം കടക്കെണിയിലല്ല. കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയും സംസ്ഥാനത്തിന്റെ വികസന പദ്ധതികളെയും ഫെഡറൽ

സംവിധാനത്തെയും തകർക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരെ കക്ഷി-രാഷ്ട്രീയ ഭേദമെന്യേ യോജിച്ച് പ്രതിഷേധിക്കേണ്ടതാണ്. കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തി പൊതുവിദ്യാഭ്യാസ-ആരോഗ്യ മേഖലകൾ ശക്തിപ്പെടുത്തുന്നതിനും പശ്ചാത്തലസൗകര്യ വികസനം സാദ്ധ്യ-മാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സാമൂഹ്യക്ഷേമ പെൻഷനുകൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ കേരളം മികച്ച നേട്ടമാണുണ്ടാക്കിയിട്ടുള്ളത്. എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈനാക്കുകയും മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ 91.6% പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഭരണനിർവ്വഹണ സുതാര്യതയുടെ ഭാഗമായി സെക്രട്ടേറിയറ്റിൽ 2018 ജനവരി 1 മുതൽ പൂർണ്ണതോതിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുകയും എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെ ഔദ്യോഗി-കമായി ജീവനക്കാരുമായി ഓൺലൈനായി സംവദിക്കാനുള്ള 'ഇ-സന്ദേശന

സംവിധാനം' തയ്യാറായിട്ടുണ്ട്. ഫയലുകൾ തീർപ്പാക്കുന്നതിനായി പ്രത്യേക കർമ്മ പരിപാടി തയ്യാറാക്കുകയും 955671 ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. നിയമനങ്ങൾ കൃത്യമായും സുതാര്യവുമായാണ് നടത്തുന്നത്. സംസ്ഥാനത്തെ വ്യവസായ സംരംഭ സൗഹൃദമാക്കാൻ നിയമപരമായ നടപടികളും പ്രായോഗിക സമീപനങ്ങളും സ്വീകരിക്കുന്നുണ്ട്. എം.എസ്.എം.ഇ. മേഖലയിൽ എടുത്തുപറയേണ്ട നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. എല്ലാ ജനവിഭാഗങ്ങൾക്കും ഗുണം ലഭിക്കുന്ന വികസന പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം ഉയർന്ന സാമ്പത്തിക വളർച്ചയും ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തിന്റെ ധനസ്രോതസ്സുകളെ ഞെരുക്കുന്ന കേന്ദ്ര സർക്കാരിന്റെ ഫെഡറൽ വിരുദ്ധ സമീപനങ്ങൾക്കെതിരെ ശബ്ദമുയർത്താൻ പ്രതിപക്ഷവും തയ്യാറാകണമെന്നും കേരളത്തിന്റെ തനതായ വികസന മാതൃകയെ ഉയർത്തിപ്പിടിക്കാനുള്ള സർക്കാരിന്റെ ഉദ്യമങ്ങളെ സഹായിക്കണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്. സംസ്ഥാനത്തൊട്ടാകെ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള കെ.ഫോൺ പദ്ധതി മാർച്ച് 31-നകം പൂർത്തീകരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രാഥമികഘട്ടത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 14000 കുടുംബങ്ങൾക്ക്

സൗജന്യ കെ.ഫോൺ കണക്ഷൻ നൽകാനാണ് ലക്ഷ്യമിടുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും 28-നെതിരെ 77 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII. അറിയിപ്പ്

### ചലച്ചിത്രപ്രദർശനം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അഭിനയിച്ച 'സമാന്തരപക്ഷികൾ' എന്ന ചലച്ചിത്രത്തിന്റെ പ്രദർശനം നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ നിയമസഭാ സാമാജികർക്കായി സംഘടിപ്പിക്കുന്നുണ്ട്. എല്ലാവരും പങ്കെടുക്കേണ്ടതാണ്.

സഭ വൈകുന്നേരം 4.57 -ന് പിരിഞ്ഞു.

****